## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3079** — **20.6.2014-ൽ മറുപടിക്ക്**

**ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ മാലിന്യ സംസ്കരണ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി.സത്യൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | ഖരമാലിന്യ സംസ്കരണത്തിന് സംസ്ഥാനത്തിനു തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ വൻചെലവുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് നഗരസഭ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഖരമാലിന്യസംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിലേക്കായി നഗരസഭ തയ്യാറാക്കി സമർപ്പിച്ച പദ്ധതിക്ക് അനുമതിയും 100% സാമ്പത്തിക സഹായമായ 115 ലക്ഷം രൂപയും ആറ്റിങ്ങൽ നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ, നഗരസഭയിൽ ഉറവിട മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിലേയ്ക്കായി 48.45 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 24.225 ലക്ഷം രൂപയും നഗരസഭക്ക് കൈമാറിയിട്ടുണ്ട്. |
| ബി) | എങ്കിൽ ശുചിത്വമിഷൻ വഴി പ്രസ്തുത നഗരസഭയ്ക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | | |
| സി) | നഗരസഭ ഉൽപാദിപ്പിക്കുന്ന വളം സർക്കാർ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം നിലവിൽ സർവ്വീസ് പ്രൊവൈഡറും കുടുംബശ്രീയും സ്വന്തം നിലയിൽ വളം പരിമിതമായ തോതിൽ വിൽപന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ